കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com

# ഫ്രഞ്ച് കമ്പനി ടോൾ പിരിക്കുമ്പോൾ

**എപ്രിൽ** ഒന്നുമുതൽ മണ്ണുത്തി അങ്കമാലി ദേശീയപാതയിലെ ടോൾ പിരിവ് ഫ്രഞ്ച് ബഹുരാഷ്ട്ര എൻജിനീയറിങ് കമ്പനിയായ ഈജീസ് ഏറ്റെടുത്തിരിക്കുകയാണല്ലോ. നവഉദാരവത്കരണ നയങ്ങളുടെ ഭാഗമായി വന്ന ബി.ഒ.ടി വ്യവസ്ഥയുടെ ആത്യന്തിക ലക്ഷ്യം എന്താണ് എന്ന് വെളിപ്പെടുത്തുന്ന നടപടിയാണ് പാലിയേക്കരയിൽ നടന്നിരിക്കുന്നത്. നമ്മുടെ ദേശീയപാതകൾ വിദേശ കുത്തകകൾക്ക് തീറെഴുതാൻ വേണ്ടിയാണ് ബി.ഒ.ടി റോഡുകൾ വരുന്നതെന്ന് പാലിയേക്കര സമര പ്രവർത്തകർ എപ്പോഴും പൊതുസമൂഹത്തെ ഓർമ്മിപ്പിക്കുന്നുണ്ടായിരുന്നു. അവർ പറഞ്ഞത് ഇപ്പോൾ വാസ്തവമായിരിക്കുന്നു.

പൊതുമുതൽ ഉപയോഗിച്ച് റോഡ് പണിതശേഷം, അതും സ്വതന്ത്രമായി ജനങ്ങൾ സഞ്ചരിച്ചിരുന്ന ദേശീയപാത വികസിപ്പിച്ച ശേഷം ടോൾപിരിവ് കുത്തകകളെ ഏൽപ്പിക്കുന്നത് അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. കൂടാതെ മണ്ണുത്തി അങ്കമാലി ദേശീയപാതയിലെ ടോൾ നിരക്ക് 25 ശതമാനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നേരത്തെ ടോൾ പിരിച്ചിരുന്ന ഗുരുവായൂർ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് ഈ ഫ്രഞ്ച് കമ്പനിയുടെ ഏജന്റ് മാത്രമായിരുന്നു എന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്. മണ്ണുത്തി അങ്കമാലി ദേശീയപാതയിലുടനീളം സർവീസ് റോഡുകൾ നിർമിക്കുമെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ നിർമാണം പൂർത്തിയായില്ലെങ്കിൽ ടോൾ പിരിവ് നിർത്തുമെന്നും പിരിവ് തുടങ്ങും മുമ്പ് പ്രഖ്യാപിച്ചയാളാണ് മുഖ്യമന്ത്രി. അതൊന്നും നടന്നില്ലെങ്കിലും യഥാർത്ഥ പിരിവുകാർ രംഗത്തെത്തിക്കഴിഞ്ഞു. ദേശീയപാത സംരക്ഷണ സമിതി ഇതിനെ എങ്ങനെയാണ് നേരിടാൻ പോകുന്നത് എന്നാണ് കാണേണ്ടത്. ശക്തമായ പ്രക്ഷോഭങ്ങളുണ്ടായിട്ടും സർക്കാർ തീർത്തും അവഗണിച്ച സമരമാണ് പാലിയേക്കര ടോൾ വിരുദ്ധ സമരം. ഒടുവിൽ ഫ്രഞ്ച് കമ്പനി രംഗത്ത് വന്നപ്പോഴാണ് എന്തിനാണ് സർക്കാർ സമരത്തെ അവഗണിച്ചതെന്ന് വ്യക്തമായത്. ഈജീസ് കമ്പനിക്ക് ടോൾ പിരിവ് കൈമാറുമെന്ന കാര്യം സർക്കാർ നേരത്തെ ഉറപ്പിച്ചിരുന്നതിനാലാണ് സമരത്തെ അവർക്ക് ഒട്ടും പരിഗണിക്കാൻ കഴിയാതെ പോയത്.

പ്രതിരോധ പ്രവർത്തകർ കാലങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കൺമുന്നിൽ തെളിവുകളുമായി എത്തിത്തുടങ്ങി എന്നതുകൂടിയാണ് ഈജീസിന്റെ പാലിയേക്കരയിലേക്കുള്ള വരവ് നൽകുന്ന പാഠം.

**ജോൺസി മറ്റത്തിൽ, പ്രവിത്താനം, കോട്ടയം**

## കണ്ടത് പറയാം

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ഗ്രന്ഥശാലകളുടെ ജാതകം

വായനയും ഗ്രന്ഥശാലകളുമായിരുന്നു പഴയ തലമുറയുടെ സ്വാധീനിച്ചത്. ആദർശ ശാലികളാക്കിയതും സ്വന്തം മനോ വികൃതികളെ കുറച്ചെങ്കിലും നിയന്ത്രിക്കാൻ വായന സഹായിച്ചു. ഇന്ന് ഗ്രന്ഥശാലകൾ രാഷ്ട്രീയക്കാരുടെ വേഷം മാറിയ ഓഫീസുകളായി മാറി. നാശം അവിടെ നിന്ന് തുടങ്ങി ഗ്രന്ഥശാല പ്രസ്ഥാനം സജീവമായിരുന്നത് ക്ഷമിപ്പിച്ചു.

ഗ്രാന്റ് കാത്ത് കഴിയുന്ന കമ്മിറ്റികൾ ആയി പ്രവർത്തകർ ലൈബ്രേറിയൻമാർ മാത്രമാണ് ഗുണഭോക്താക്കൾ എന്ന നില വന്നു. നാട്ടുമ്പുറത്തെ സിനിമാ ടാക്കീസുകൾ കല്ല്യാണ മണ്ഡപമായപോലെ വായനാശാലകൾ കളികേന്ദ്രങ്ങളായി. കാരംസ്, ചെസ്സ്, ടി.വി തുടങ്ങിയ ലീലാവിനോദങ്ങൾ, പല ഗ്രന്ഥശാലകളും പ്രതിരോധ ശേഷിയില്ലാത്ത എയ്ഡ്സ് രോഗിയെ പോലെയായി. ഇനിയതിനെ ഒടേതമ്പ്രാൻ വിചാരിച്ചാലും രക്ഷിക്കാനാവില്ല. ചരിത്രപരമായ ദൗത്യം നിർവ്വഹിച്ചു കഴിഞ്ഞതിനെ അതിന്റെ സ്വാഭാവിക മരണത്തിന് വിട്ടുകൊടുക്കണം. മറ്റു സാധ്യതകൾ കാലം കൊണ്ടുവരും. സാങ്കേതികതയുടെ കുതിപ്പിലൂടെ നിരാശപ്പെടേണ്ടതില്ല. പാരമ്പര്യം എക്കാലത്തും തുടരണമെന്ന് പറയാനാവില്ല. ഇതുപറയുമ്പോൾ ശുണ്ഠിയെടുക്കുന്നവരെ മുന്നിൽ കാണാനുണ്ട്. പാവങ്ങൾ കഥയറിയാതെ ആട്ടം കാണുകയാണ്.